"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ജീവനക്കാര്യം- ശ്രീ ദിലീപ് കുമാർ എം.പി, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I ഫയൽ ചെയ്ത O.A.(Ekm) Nos.292/2022, 1433/2022 & 1548/2023 എന്നീ മൂന്ന കേസുകളിലായി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.08.2024 തീയതിയിലെ വിധിന്യായം പാലിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3203/2024/HOME തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 27.05.2016 ലെ U2-82336/2016/PHQ നം കത്ത്
2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 24.10.2016, 22.12.2016, 09.03.2018, 25.11.2019 എന്നീ തീയതികളിലെ 2592/കെ/2014/ഡിജിപി നം കത്തുകൾ.
3. ശ്രീ ദിലീപ് കുമാർ എം. പി ക്കെതിരായ 10.08.2020-ലെ സി4/206/2017-ആഭ്യന്തരം നം കുറ്റപത്രം
4. സ.ഉ(സാധാ)നം.139/2021/ആഭ്യന്തരം, തീയതി 12.01.2021
5. സ.ഉ(സാധാ)നം.1504/2022/ആഭ്യന്തരം, തീയതി 30.05.2022
6. സ.ഉ(പി)നം. 5/2022/സാ.നീ.വ, തീയതി 15.07.2022
7. സ.ഉ(പി)നം.32/2023/ആഭ്യന്തരം, തീയതി 29.03.2023
8. ശ്രീ. ദിലീപ് കുമാർ എം. പി ഫയൽ ചെയ്ത O.A.(Ekm) Nos.292/2022, 1433/2022 & 1548/2023 എന്നീ മൂന്ന കേസുകളിലായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.08.2024 തീയതിയിലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ശ്രീ.ദിലീപ് കുമാർ എം.പി, തൃശ്ശൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II-ൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായി ജോലി ചെയ്യവെ തൃശ്ശൂർ ടൗൺ വെസ്റ്റ് പോലീസ് ക്രൈം നം.553/2016 ആയി രജിസ്റ്റർ ചെയ്ത പ്രമാദമായ ഒരു കൊലപാതക കേസിലെ 7-ാം പ്രതിയുടെ കസ്റ്റഡി അപേക്ഷയ്ക്കൊപ്പം പോലീസ് ഇൻസ്പെക്ടർ നൽകിയ അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയത് കാരണം പ്രതിയെ പോലീസ് കസ്റ്റഡിയിൽ ലഭിക്കാതെ വരികയും, അത് അന്വേഷണത്തെ ബാധിക്കുകയും കൂടാതെ ഒന്നാം റിമാൻഡ് കാലാവധിക്ക് ശേഷമാണ് കസ്റ്റഡി അപേക്ഷ സമർപ്പിച്ചത് എന്ന കാരണത്താൽ കസ്റ്റഡി അപേക്ഷ കോടതി നിരസിക്കുകയും ചെയ്തിരുന്നു. ശ്രീ.ദിലീപും, ടി കേസിലെ 7-ാം പ്രതിയും തമ്മിൽ നടത്തിയ ടെലിഫോൺ സംഭാഷണങ്ങൾ സംബന്ധിച്ച് Call Details തെളിവായി സമർപ്പിച്ച് കൊണ്ട് ശ്രീ. ദിലീപിനെതിരെ

അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു.

2. ഈ വിഷയം പരിശോധിച്ചതിനുശേഷം, അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിൽ എന്തെങ്കിലും ന്യൂനത ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുക എന്നത് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ജോലിയാണ് എന്നതിനാലും ഇപ്രകാരം അഫിഡറ്റ് ഫയൽചെയ്യണമെന്നത് സംബന്ധിച്ച് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആയിരുന്ന ദിലീപ് കുമാർ പോലീസിന് യാതൊരു നിർദേശവും നൽകിയതായി കാണുന്നില്ല എന്നതിനാലും, ഇത്തരത്തിലുള്ള വീഴ്ചകൾ ഇനി സംഭവിക്കരുതെന്ന് ശ്രീ. ദിലീപിന് കർശന താക്കീത് നൽകിയതായി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പരാമർശം (2)-ലെ 22.12.2016 ലെ കത്ത് മുഖാന്തിരം സർക്കാരിനെ അറിയിച്ചു. എന്നാൽ ശ്രീ ദിലീപ് കുമാറും കേസിലെ ഏഴാം പ്രതിയും തമ്മിൽ ഫോൺ സംഭാഷണം നടന്നുവെന്നതിന്റെ തെളിവുകൾ സംസ്ഥാന പോലീസ് മേധാവി പരാമർശം (1)-ലെ കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നതിനാൽ ഇതു സംബന്ധിച്ച വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോട് ആവശ്യപ്പെടുകയും ടി പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ദിലീപ് കുമാറിനെതിരെയുള്ള ആരോപണങ്ങളിൽ എന്തെങ്കിലും കഴമ്പുള്ളതായി കണ്ടെത്താനോ, മന:പ്പൂർവ്വമായ എന്തെങ്കിലും വീഴ്ച ഉണ്ടായതായോ കണ്ടെത്താൻ കഴിയാത്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ദിലീപ് കുമാറിനെതിരെ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്ന് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ പരാമർശം (2)-ലെ 09.03.2018 തീയതിയിലെ കത്ത് പ്രകാരം സർക്കാരിനെ അറിയിക്കുകയും ചെയ്തു.

3. എന്നാൽ പരാതിയിലെ ആരോപണങ്ങൾ പൂർണ്ണമായും തെറ്റാണെന്ന് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകരിക്കാൻ സാധിക്കാത്തതിനാൽ, സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഒരന്വേഷണം നടത്തുന്നതിന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, പ്രോസിക്യൂഷൻ ഡയറക്ടറെ ചുമതലപ്പെടുത്തുകയും പ്രസ്തുത അന്വേഷണത്തിൽ ശ്രീ. ദിലീപ് കുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തെളിവ് ഇല്ല എന്ന ഒരു റിപ്പോർട്ട് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പരാമർശം (2)-ലെ 25.11.2019 തീയതിയിലെ കത്ത് പ്രകാരം സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

4. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ പരാമർശം (2)-ലെ 22.12.2016 ലെ കത്തുപ്രകാരമുള്ള ആദ്യത്തെ റിപ്പോർട്ട് ഒഴികെ, പരാമർശം (2)-ലെ 09.03.2018, 25.11.2019 തീയതികളിലെ കത്തുകൾ മുഖേന സമർപ്പിച്ച മറ്റ് രണ്ട് അന്വേഷണ റിപ്പോർട്ടുകൾ മുഖേനയും ശ്രീ ദിലീപ് കുമാർ യാതൊരു തെറ്റും ചെയ്തിട്ടില്ലെന്ന് സർക്കാരിനു മുന്നിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ വാദഗതികൾ നിരത്തിയെങ്കിലും കേസ് വാദിക്കുന്ന അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ പ്രതിയുമായി ഫോൺ മുഖേന ബന്ധം പുലർത്തിയതിനും അഫിഡവിറ്റ് സമർപ്പിക്കുന്നതിലെ അപാകത ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുകയെന്ന തന്റെ ഡ്യൂട്ടി നിർവഹിക്കുന്നതിലെ പാളിച്ചയ്ക്കും മതിയായ വിശദീകരണം സർക്കാരിനു ബോധ്യമാകാത്തതുകൊണ്ട് ശ്രീ. ദിലീപ് കുമാറിനെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്തു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ദിലീപ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ അച്ചടക്കനടപടി തുടരുന്നതിന് സർക്കാർ തീരുമാനിക്കുകയും, Kerala Civil Services (Classification, Control & Appeal) Rules 1960

ചട്ടം 15 പ്രകാരം അന്വേഷണം നടത്തുന്നതിന് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ആയിരുന്ന ശ്രീ. എം.എസ് ഗിരീഷ് പഞ്ചുവിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

5. ഇതിനെതിരെ ശ്രീ.ദീലീപ് കുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (Ekm) No.152/2021 എന്ന കേസിൽ 29.10.2021 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീ. ഗിരീഷ് പഞ്ചുവിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച സർക്കാർ ഉത്തരവ് ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും, ശ്രീ ദിലീപിനെ ഒന്നാം എതിർ കക്ഷിയായ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) നേരിൽ കേട്ടശേഷം ശ്രീ. ദിലീപിനെതിരായ ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. ദിലീപിനെ നേരിൽ കേൾക്കുകയും, അച്ചടക്ക നടപടി തുടരുന്നതിന് തീരുമാനിക്കുകയും, അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ട ശ്രീ. ഗിരീഷ് പഞ്ചു ഡയറക്ടർ ഓഫ് പ്രോസിക്യൂഷനായി ചുമതലയേറ്റ സാഹചര്യത്തിൽ, ടിയാന് പകരം അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ട ശ്രീ. റോയ് പി. കുര്യാക്കോസിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് പരാമർശം (5) പ്രകാരം തീരുമാനിച്ച് കോടതി ഉത്തരവ് പാലിക്കുകയും ചെയ്തു.

6. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ എന്നിവരുടെ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തനിക്കെതിരെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത് തടയണമെന്നും, പ്രൊബേഷൻ പ്രഖ്യാപിക്കണമെന്നും, തന്റെ ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ പ്രൊമോഷൻ ലഭിക്കണമെന്നും, 60% സ്ഥിരമായ അംഗവൈകല്യമുള്ള തനിക്ക് , Rights of Persons with Disabilities Act, 2016-ലെ Section 34 പ്രകാരം പ്രമോഷൻ നൽകണമെന്നും ആവശ്യപ്പെട്ട് ബഹു ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.(Ekm) Nos.292/2022, 1433/2022 & 1548/2023 എന്നീ കേസുകൾ പരിഗണിച്ച് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (7) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വിധം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

(i) Kerala Civil Services (Classification, Control & Appeal)Rules -ലെ ചട്ടം 15 പ്രകാരം ശ്രീ ദിലീപ് കുമാറിനെതിരായുള്ള അച്ചടക്കനടപടിയിൽ അന്വേഷണഉദ്യോഗസ്ഥനായി ശ്രീ റോയ് പി. കുര്യാക്കോസിനെ തുടരാൻ അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (5)-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നു.

(ii) ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ പരാമർശം (2)-ലെ 09.03.2018-ലെ തീയതിയിലെ കത്ത് (Anexure A6), പരാമർശം (2)-ലെ 25.11.2019-ലെ തീയതിയിലെ കത്ത് (Anexure A7) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഈ ഉത്തരവ് കിട്ടി 4 ആഴ്ചകൾക്കുള്ളിൽ ശ്രീ ദിലീപ്കുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുക.

(iii) ടിയാനെതിരെ അച്ചടക്കനടപടികളൊന്നുമില്ലായിരുന്നുവെന്ന് കണക്കാക്കി പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ ഗ്രേഡ് സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ടിയാന്റെ ജൂനിയറിനു മുന്നിലായി ടിയാനെ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഡി.പി.സി വിളിച്ചു ചേർക്കുകയും, അപ്രകാരം ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി രണ്ട് മാസങ്ങൾക്കുള്ളിൽ ടിയാന് എല്ലാ ആനുകൂല്യങ്ങളും നൽകുക.

(iv) Rights of Persons with Disabilities Act 2016 -ലെ സെക്ഷൻ 34 പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സ്ഥാനക്കയറ്റത്തിൽ 4% സംവരണത്തിന് അർഹതയുണ്ടെന്ന ടിയാന്റെ വാദം പരിഗണിക്കുക.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

**(i)** ശ്രീ.ദിലീപ് കുമാർ എം. പി ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കണമെന്ന കോടതി നിർദ്ദേശം കണക്കിലെടുത്തും, ശ്രീ.ദിലീപ് 60% സ്ഥിര അംഗവൈകല്യമുള്ള വ്യക്തിയാണ് എന്നതും കണക്കിലെടുത്ത് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ടിയാന് കർശന താക്കീത് നൽകി തീർപ്പാക്കുന്നു.

**(ii)** മേൽ പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I ആയ ശ്രീ.ദിലീപ് കുമാർ എം. പി -യെ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ ഗ്രേഡ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് തന്റെ ജൂനിയറിന് മുന്നിലായി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വകുപ്പുതല പ്രമോഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ശിപാർശ പ്രോസിക്യൂഷൻ ഡയറക്ടർ സർക്കാരിന് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

**(iii)** Rights of Persons with Disabilities Act 2016 -ലെ സെക്ഷൻ 34 പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സ്ഥാനക്കയറ്റത്തിൽ 4% സംവരണത്തിന് ശ്രീ ദിലീപ് കുമാറിന് അർഹതയുണ്ടോയെന്ന വിഷയം, പരാമർശം (6)-ലെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഭരണവകുപ്പായ സാമൂഹിക നീതി വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി പരിശോധിച്ചശേഷം പ്രത്യേകം ഉത്തരവായി പുറപ്പെടുവിക്കുന്നതാണ്.

8. ഇപ്രകാരം പരാമർശം (8) പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പാലിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നവീൻ കൃഷ്ണൻ ജി ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഭരണം), എറണാകുളം
ശ്രീ.ദിലീപ് കുമാർ എം. പി, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I (ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്), കേരളം
നിയമ വകുപ്പ് (02.03.2024 തീയതിയിലെ ST-I1/48/2024-LAW നം കുറിപ്പ്)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (08.04.2024 തീയതിയിലെ ADV-A1/98/2024-PandARD നം കുറിപ്പ്)
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി (E- 2468859)

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 01-11-2024 16:03:37
സെക്ഷൻ ഓഫീസർ